**ശങ്കർ ഗുഹാ നിയോഗിയുമായുള്ള ആദ്യകൂടിക്കാഴ്ചയും ഛത്തീസ്ഗഢ് മുക്തിമോർച്ചയുമൊത്തുള്ള അനുഭവങ്ങളും പങ്കുവയ്ക്കുന്നു ഡോക്യുമെന്ററി-സിനിമാ സംവിധായകനും കാർട്ടൂണിസ്റ്റുമായ**

**കെ.പി.ശശി**

# മണ്ണിൽ തൊട്ട ജീവിതം

**1979**-80 കാലഘട്ടം. മാർക്സിയൻ പൊളിറ്റിക്സ് തലക്കുപിടിച്ചു നടന്ന ജെ.എൻ. യുവിലെ സ്കൂൾ ഓഫ് ജർമ്മൻ സ്റ്റഡീസിലെ പഠനകാലം. പല പത്രങ്ങളിലും ആനുകാലികങ്ങളിലും എന്റെ കാർട്ടൂണുകൾ വന്നുകൊണ്ടിരുന്നു. എങ്കിലും എന്റെ ഉള്ളിലെ സംഘർഷങ്ങൾ കടുത്തതായിരുന്നു. വ്യക്തിപരമായ പ്രശ്നങ്ങളേക്കാളും സങ്കീർണതകളേക്കാളും രാഷ്ട്രീയമായ പ്രശ്നങ്ങൾ മനസ്സിനെ മഥിച്ചുകൊണ്ടിരുന്ന ആ കാലത്താണ് സുഹൃത്ത് ജോഗിൻ, ശങ്കർ ഗുഹാ നിയോഗിയുടെ അടുത്തേക്ക് എന്നെ കൊണ്ടുപോകുന്നത്.

അന്ന് നിയോഗി ഡെൽഹി വൃത്തങ്ങളിൽ അത്രയ്ക്ക് പരിചിതനായിരുന്നില്ല. എന്നാൽ ചത്തീസ്ഗഢിലെ ഖനിത്തൊഴിലാളികളെ സംഘടിപ്പിച്ച അദ്ദേഹത്തെക്കുറിച്ച് ഞാൻ അറിഞ്ഞിരുന്നു. വിപ്ലവം സ്വപ്നം കണ്ടിരുന്ന എന്നാൽ അതിന് പരമ്പരാഗത ഇടതുപക്ഷത്തിൽ പ്രതീക്ഷയർപ്പിക്കാനാവില്ലെന്ന് തിരിച്ചറിഞ്ഞ യുവാക്കൾ അതിന് പുറത്ത് മാതൃകകൾ തെരഞ്ഞുകൊണ്ടിരുന്നു. നിയോഗി അത്തരമൊരു പ്രതീക്ഷയായിരുന്നു.

എന്നേക്കാൾ മുമ്പ് എന്റെ അടുത്ത സുഹൃത്ത് പോൾ കുര്യന് ശങ്കർ ഗുഹാ നിയോഗിയുമായി നേരിട്ട് അടുപ്പമുണ്ടായിരുന്നു. പോൾ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഗവേഷണം ചെയ്യാനും തീരുമാനിച്ചിരുന്നു. എന്നാൽ ഇരുവരും ഇന്ന് നമ്മോടൊപ്പമില്ല.

ഡൽഹിയിൽ ഗ്രീൻ പാർക്ക് എക്സ്റ്റെൻഷനിലെ രെു ചെറിയ മുറിയിലേക്ക് ജോഗിൻ എന്നെ നയിച്ചു. നിയോഗിയും അമിത് സെൻ ഗുപ്ത എന്ന ട്രേഡ് യൂണിയൻ നേതാവും ആ മുറിയിലുണ്ടായിരുന്നു. നിയോഗിയുടെ ലാളിത്യം അമ്പരപ്പിക്കുന്നതായിരുന്നു. അക്കാലത്ത് മിക്ക ജെ.എൻ.യുക്കാരെയും പോലെ സംഭാഷണം എന്നാൽ അഭിപ്രായവ്യത്യാസങ്ങൾ പങ്കുവെയ്ക്കലായിരുന്നു. ആ വിഡ്ഢിത്തം ഞാനവിടെയും ആവർത്തിച്ചു. നിയോഗിക്ക് സ്റ്റാലിനോടുള്ള ചായ്‌വ് ചർച്ചയെ ചൂടുപിടിപ്പിച്ചു. റഷ്യൻ വിപ്ലവത്തിന് നേതൃത്വം വഹിച്ച സഖാക്കളെയും അവരുടെ കുടുംബങ്ങളെയുമടക്കം നിരവധി കൊലപാതകങ്ങൾക്ക് കാര

പരിഭാഷ: കെ.ആർ. രൺജിത്ത്

ണക്കാരനായ ജോസഫ് സ്റ്റാലിനെ ന്യായീകരിക്കാൻ ശങ്കർ ഗുഹാ നിയോഗിയെപ്പോലുള്ള ഒരാൾക്ക് എങ്ങനെ കഴിയുന്നുവെന്ന് ഞാൻ അൽഭുതപ്പെട്ടു. ഇൻഡ്യൻ ഭരണകൂടം സെമി- ഫ്യൂഡലും സെമി- കൊളോണിയലുമാണെന്ന സി.പി.ഐ. എം.എൽ വ്യാഖ്യാനം തന്നെയായിരുന്നു നിയോഗിക്കുമുണ്ടായിരുന്നത്. ഈ നിരീക്ഷണവും ഞങ്ങൾക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ടാക്കി. ഞാൻ അദ്ദേഹത്തെ ക്കാണുന്നതിന് മുൻപ് ഗറില്ലാ രാഷ്ട്രീയത്തിന്റെ വഴികളിൽ അദ്ദേഹം സഞ്ചരിച്ചിരുന്നുവെങ്കിലും ആ സമയത്ത് വർഗ്ഗ ശത്രുക്കളുടെ ഉൻമൂലനമടക്കമുള്ള സിദ്ധാന്തങ്ങളിൽ നിന്ന് നിയോഗി ഏറെ അകന്നുകഴിഞ്ഞിരുന്നു. അതല്ലെങ്കിൽ, സ്വന്തം കൊലപാതകികളെ അദ്ദേഹത്തിന് നേരത്തെ തന്നെ എളുപ്പത്തിൽ വകവരുത്താമായിരുന്നു. അത്തരത്തിലുള്ള അക്രമമാർഗങ്ങൾ തന്റെ ജനതയ്ക്ക് മേൽ കൂടുതൽ ഭയാനകമായ അക്രമം അഴിച്ചുവിടാനുള്ള കാരണമായി മാറുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു.

സ്റ്റാലിനെക്കുറിച്ചുള്ള എന്റെ മുൻകാഴ്ചപ്പാടിൽ ഇപ്പോഴും മാറ്റം വന്നിട്ടില്ല. എന്നാൽ ഇൻഡ്യൻ സ്റ്റേറ്റിനെ കുറിച്ച് നിയോഗി പറഞ്ഞതിൽ സത്യമുണ്ടെന്ന് എനിക്ക് ബോധ്യപ്പെടാൻ തുടങ്ങിയിരിക്കുന്നു. വലിയ രാഷ്ട്രീയ



**നമ്മുടെ രാജ്യത്തെ ട്രേഡ് യൂണിയൻ നേതാക്കളെല്ലാം തന്നെ മധ്യവർഗത്തിൽ നിന്ന് വരുന്നവരാണ്. അവരിൽ ഡീ ക്ലാസിഫിക്കേഷൻ സംഭവിക്കാനുള്ള സാധ്യത വളരെ അപൂർവ്വമായേ കണ്ടിട്ടുള്ളൂ. അത് അവർക്ക് തൊഴിലാളി വർഗത്തിന് വേണ്ടി വിലപേശുന്നതിന് ഒരുപക്ഷേ, അവരേക്കാൾ മേൽക്കൈ നൽകുന്നുണ്ടായിരിക്കാം**

സംഭവങ്ങൾ സംഘടിപ്പിക്കുന്നതിന് പിന്നിൽ പോലും ഈ ഫ്യൂഡൽ സ്വഭാവം നിലനിൽക്കുന്നു. നമ്മുടെ രാജ്യത്തുള്ളതുപോലുള്ള പിന്തുടർച്ചാവകാശം (നെഹ്റു- ഇന്ദിര-രാജീവ്-സോണിയ-രാഹുൽ) ജർമ്മനി, അമേരിക്ക, ഫ്രാൻസ്, യു കെ തുടങ്ങിയ രാജ്യങ്ങളിൽ സങ്കൽപിക്കാൻ കഴിയുമോ? ഇന്ത്യയിലെ അധികാരബന്ധങ്ങളെ സ്വാധീനിക്കുന്നത് യൂറോപ്യൻ മാനദണ്ഡങ്ങളനുസരിച്ചുള്ള ഫ്യൂഡൽ അവസ്ഥകളായിരിക്കില്ല എന്ന വ്യത്യാസമുണ്ടാവാം. ഇവിടെ ഫ്യൂഡലിസത്തിന്റെയും ജാതിയുടെയും കുടുംബപാരമ്പര്യത്തിന്റെയുമൊക്കെ സങ്കര ഇനമായ ഒരുതരം അധികാരബന്ധമാണ് തഴച്ചത്. എന്തായാലും അന്ന് നിയോഗിയോടൊത്തുള്ള സംസാരവേളയിൽ എന്റെ തർക്കങ്ങൾ ശരിയായിരുന്നോ എന്നത് ഇപ്പോൾ പ്രസക്തമല്ല. എന്റെ വാദങ്ങളിൽ അമിത് രോഷാകുലനായിരുന്നു. പക്ഷേ നിയോഗി ശാന്തനായി പറഞ്ഞു. 'സഖാവേ, നോക്കൂ, നമ്മുടെ ആശയങ്ങളിൽ വൈരുദ്ധ്യങ്ങളുണ്ടാവാം. അത് അങ്ങനെ തുടരുകയും ചെയ്യട്ടെ. പക്ഷേ, നമുക്ക് യോജിക്കാവുന്ന മേഖലകളുണ്ടോ എന്നാണ് എനിക്കറിയേണ്ടത്.' ആ ചോദ്യം എന്ന ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടുവന്നു. 'നിങ്ങളാണ് നേതാവ്, ഞാനല്ല. നിങ്ങൾ തന്നെ പറയൂ.'

'നിങ്ങളൊരു മികച്ച കാർട്ടൂണിസ്റ്റാണെന്ന് എനിക്കറിയാം, രാഷ്ട്രീയ പ്രതിബദ്ധതയുള്ള ഒരാൾ. എന്തുകൊണ്ട് ഞങ്ങളുടെ സമരത്തെക്കുറിച്ച് നിങ്ങൾക്ക് കാർട്ടൂൺ വരച്ചുകൂടാ?' അദ്ദേഹം ചോദിച്ചു.

'എപ്പോൾ?'

'ഇപ്പോൾ തന്നെ,' നേതാവ് പറഞ്ഞു.

എന്റെ കയ്യിൽ കാർട്ടൂൺ വരയ്ക്കാൻ വേണ്ട സാധനങ്ങളൊന്നുമില്ലെന്നുമാത്രമല്ല, അങ്ങനെയൊന്ന് ചെ

യ്യാൻ അവിടത്തെ പ്രധാന പ്രശ്നങ്ങളെക്കുറിച്ച് എനിക്ക് കൂടുതൽ മനസ്സിലാക്കേണ്ടിയിരിക്കുന്നുവെന്നും ഞാൻ പറഞ്ഞുനോക്കി. എന്നാൽ നിയോഗി അങ്ങനെയൊന്നും എന്നെ വിടാൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നു. വരയ്ക്കാൻ വേണ്ട സാധനങ്ങൾ ഉടൻ തന്നെ അമിതിനെക്കൊണ്ട് വാങ്ങിപ്പിച്ചു. ആ രാത്രി തന്നെ ഒരു പോസ്റ്റർ എന്നെക്കൊണ്ട് രൂപകൽപന ചെയ്യിപ്പിച്ചിട്ടാണ് നിയോഗി വിട്ടത്. ആ കൂടിക്കാഴ്ച എന്നെ വല്ലാതെ സ്വാധീനിച്ചു, എന്റെ ശക്തി–ദൗർബല്യങ്ങളെക്കുറിച്ച് മനസിലാക്കുന്നതിനുള്ള ഒരു അവസരം കൂടിയായിരുന്നു അത്. എതിരാളികളെക്കൊണ്ടുപോലും തന്റെ പ്രസ്ഥാനത്തിനായി ജോലിയെടുപ്പിക്കാൻ കഴിവുള്ള നേതാവാണ് നിയോഗിയെന്ന് എന്റെ അനുഭവത്തിൽ നിന്ന് ബോധ്യപ്പെട്ടു. എതിർപ്പുകൾ നിലനിർത്തിക്കൊണ്ടുതന്നെ ഞാൻ അദ്ദേഹത്തിന്റെ ഫാൻക്ലബിൽ അംഗമായി.

അദ്ദേഹത്തിന്റെ അന്വേഷണങ്ങൾ, ഗ്രാംഷിയുടെ വാക്ക് കടമെടുത്താൽ, ഒരു ഓർഗാനിക് ബുദ്ധിജീവിയുടേതായിരുന്നു. അദ്ദേഹത്തിന്റെ ഭൂതകാലത്തിൽ ഒരു സൂഫി കാലത്തിന്റെ അനുഭവങ്ങളുണ്ടായിരുന്നു. എന്നേക്കാൾ പതിനഞ്ച് വയസ്സിൽ കൂടുതൽ കാണില്ല നിയോഗിക്ക്. എന്നാൽ അദ്ദേഹത്തിന് ഉണ്ടായിരുന്ന രാഷ്ട്രീയ അനുഭവങ്ങളുടെ മുമ്പിൽ ഞാൻ വെറും ശിശുവായിപ്പോയി.

ബംഗാളിലും അസമിലുമായിരുന്നു അദ്ദേഹത്തിന്റെ കുട്ടിക്കാലം. ആൾ ഇൻഡ്യ സ്റ്റുഡന്റ്സ് ഫെഡറേഷന്റെ പ്രാദേശിക നേതാവ്. പിന്നീട് സി.പി.ഐ. എം.എല്ലിൽ. വ്യത്യസ്തമായ രാഷ്ട്രീയാന്വേഷണങ്ങളായിരുന്നു പിന്നീട്. അറുപതുകളിൽ ഭിലായ് ഉരുക്കുഫാക്ടറിയിൽ വിദഗ്ദ ജോലിക്കാരനായി കയറിയ കാലത്താണ് അദ്ദേഹം ബി എസ് സി പാസായത്. നിയോഗിയും സഹപ്രവർത്തകരും ഭിലായിലെ ആദ്യത്തെ തൊഴിലാളി സമരങ്ങൾക്ക് തുടക്കമിട്ടു. മികച്ച തൊഴിൽ സാഹചര്യങ്ങൾക്കുവേണ്ടിയായിരുന്നു സമരം. അധികം വൈകാതെ നിയോഗിയെ അവിടെ നിന്നും പുറത്താക്കി. പിന്നീട് ചത്തീസ് ഗഡിന്റെ വിവിധ ഭാഗങ്ങളിൽ അലഞ്ഞുതിരിയൽ. ബസ്തർ, ദുർഗ്, ബിലാസ്പൂർ, റായ്ഗഡ്, രാജ്നന്ദ്ഗാവ്, സർഗൂജ, റായ്പൂർ, തുടങ്ങിയ സ്ഥലങ്ങളിലെല്ലാം സഞ്ചരിച്ചു. ഇക്കാലം അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിലെ സൂഫി കാലഘട്ടം എന്ന് വിശേഷപ്പിക്കാം. അടിയന്തരാവസ്ഥക്കാലത്ത് കിരാതമായ മിസ നിയമപ്രകാരം അദ്ദേഹത്തെ തുറുങ്കിലടച്ചു.

ജയിലിൽ നിന്ന് പുറത്തിറങ്ങിയ അദ്ദേഹത്തെ ദല്ലിരാജ്ഹാരയിലെ കരാർ തൊഴിലാളികൾ സമീപിച്ചു. വാർഷിക ബോണസ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവർ നടത്താനിരുന്ന സമരത്തിന് നേതൃത്വം കൊടുക്കണമെന്നായിരുന്നു ആവശ്യം. അധികം വൈകാതെ ചത്തീസ്ഗഡ് മൈൻസ് ശ്രമിക് സംഘ് എ്ന്ന സംഘടനയുടെ അനിഷേധ്യനേതാവായി അദ്ദേഹം മാറി. അദ്ദേഹം ആ ഖനിമേഖലയിൽ പ്രവർത്തിക്കാൻ തുടങ്ങിയ കാലത്ത് ഖനിത്തൊഴിലാളികളുടെ ദിവസക്കൂലി മൂന്നര രൂപയായിരുന്നു. ഞാൻ അദ്ദേഹത്തെ കാണുന്ന സമയത്ത് ദിവസക്കൂലി മുപ്പത്തിനാല് രൂപയാക്കി ഉയർത്താൻ അവർക്ക് കഴിഞ്ഞു. എന്നാൽ കൂലിവർദ്ധനയ്ക്ക് വേണ്ടിയുള്ള സ്ഥിരം ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ മാത്രമായി ഒതുങ്ങുന്നതായിരുന്നില്ല നിയോഗിയുടെ ദൗത്യം. രക്തസാക്ഷികളുടെ സ്മാരകമായി, തൊഴിലാളികൾ തന്നെ പണം മുടക്കിയുണ്ടാക്കിയ ഒരു വർക്കേഴ്സ് ഹോസ്പിറ്റലിന് അദ്ദേഹം തുടക്കമിട്ടു. ഇവിടേക്കാണ് ഡോ. ബിനായക് സെൻ എത്തുന്നത്.

എൺപതുകളുടെ മധ്യത്തിൽ ദല്ലിരാജ്ഹാരയിൽ വെച്ചാണ് ഞാൻ ഡോ. ബിനായക് സെന്നിനെ കാണുന്നത്. എന്റെ സുഹൃത്തും സംവിധായകനുമായ പി. ബാബുരാജും അന്ന് കൂടെയുണ്ടായിരുന്നു. വളരെ ശാന്തനായ ബിനായക് സെൻ രാഷ്ട്രീയമായ ധാരണകളുള്ള ഡോക്ടറായിരുന്നു. തൊഴിലാളികളെ അനുതാപപൂർവ്വം ശുശ്രൂഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പരിശീലനം സിദ്ധിച്ച ഒരു ശിശുരോഗ വിദഗ്ദനായ ബിനായക് സെൻ വെറും അഞ്ഞൂറ് രൂപ മാസശമ്പളത്തിലാണ് അവിടെ വർക്കേഴ്സ് ഹോസ്പിറ്റലിൽ ജോലി ചെയ്തുകൊണ്ടിരുന്നത്. അവിടെയെത്തുന്ന പല ആദിവാസി തൊഴിലാളികളും അദ്ദേഹത്തേക്കാൾ കൂടുതൽ വരുമാനം നേടിയിരുന്നു. ഞാൻ പണ്ട് രൂപകൽപന ചെയ്ത പോസ്റ്റർ ആ ആശുപത്രിയിൽ കണ്ടത് എന്നെ അൽഭുതപ്പെടുത്തി. നിയോഗി അതിന്റെ പതിനായിരം കോപ്പി പ്രിന്റ് ചെയ്തുവെന്ന് ബിനായക് സെൻ എന്നോട് പറഞ്ഞു.

ഞങ്ങൾ ബിനായക് സെന്നിനോട് സംസാരിച്ചിരിക്കുന്നതിനിടയിൽ നിയോഗിയെ അറസ്റ്റ് ചെയ്തുവെന്ന വാർത്തയെത്തി. അദ്ദേഹം മറ്റ് പ്രക്ഷോഭങ്ങളോടും സംഘടനകളോടും ചേർന്ന് പ്രവർത്തിച്ചിരുന്നു. ചത്തീസ്ഗഡ് മുക്തിമോർച്ച, ചത്തീസ്ഗഡ് ഗ്രാമീൺ ശ്രമിക് സംഘ് തുടങ്ങിയവ. നിയോഗിയുടെ കാലത്ത് ഈ സംഘടനകളെല്ലാം ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നു. നിയോഗിയുടെ അറസ്റ്റ് വാർത്ത കാട്ടുതീ പോലെ പടർന്നു. അകലെ നിന്നുള്ള മലകളിൽ നിന്നുപോലും ആദിവാസി തൊഴിലാളികൾ പ്രതിഷേധവുമായി ഒഴുകിയെത്തി. അരമണിക്കൂറിനുള്ളിൽ വലിയൊരു പ്രതിഷേധ റാലി അവിടെ നടന്നു.

അദ്ദേഹം വളരെ കരിസ്മാറ്റിക് ആയ ഒരു നേതാവായിരുന്നു. വൈവിധ്യപൂർണമായ അനുഭവങ്ങളുടെയും ചിന്തയുടെയും പിന്തുണയുണ്ടായിരുന്നു ആ വ്യക്തിത്വത്തിന്. പല കാലങ്ങളിലായി പല വിധത്തിലുള്ള ജീവിത സാഹചര്യങ്ങളിലൂടെയും രാഷ്ട്രീയ പരീക്ഷണങ്ങളിലൂടെയും അദ്ദേഹം കടന്നുപോയി. ബസ്തറിൽ കാട്ടുജോലികളിൽ, ദുർഗിൽ മീൻപിടിച്ചും വിറ്റും നടന്നു, കേരി ജുങ്കാട്ടയിൽ കാർഷിക തൊഴിലാളിയായി, രാജ്നന്ദൻഗാവിൽ ആട്ടിടയനായി...അങ്ങനെയങ്ങനെ... ഇതുപോലെ മറ്റൊരു നേതാവിനെ മാത്രമേ എന്റെ ഓർമ്മയിൽ വരുന്നുള്ളൂ. ചെഗുവേര. അദ്ദേഹം ഡോക്ടറായിരുന്നു. ബാങ്കർ, ധനകാര്യവിദഗ്ദൻ, കവി, എഴുത്തുകാരൻ, മന്ത്രി, ഗറില്ല, പുസ്തകവില്പനക്കാരൻ,.. ഇതിനൊക്കെ പുറമെ കാൽപനികനായ കാമുകൻ... പക്ഷേ, ചെ മറ്റൊരു ക്ലാസ്സിൽ നിന്ന് വന്ന ഒരാളായിരുന്നു.

മാർക്സിയൻ പദാവലിയിലെ ഡീക്ലാസിഫിക്കേഷൻ എന്ന പ്രയോഗത്തെ ഞാനെന്നും സംശയത്തോടെ മാത്രമേ കണ്ടിട്ടുള്ളൂ. അത്യപൂർവ്വമായ വ്യക്തികളെ ഒഴിച്ചുനിർത്തിയാൽ, ജനിച്ചുവളർന്ന വർഗ്ഗത്തിന്റെ അനുഭവങ്ങളും ഓർമ്മകളും ബന്ധങ്ങളുമൊക്കെ മറന്നുകളയുകയോ മാറ്റിനിർത്തുകയോ ചെയ്യുന്നതിൽ ഭൂരിപക്ഷവും



പരാജയപ്പെടുന്നുവെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. നമ്മുടെ രാജ്യത്തെ ട്രേഡ് യൂണിയൻ നേതാക്കളെല്ലാം തന്നെ മധ്യവർഗത്തിൽ നിന്ന് വരുന്നവരാണ്. അവരിൽ ഡീ ക്ലാസിഫിക്കേഷൻ സംഭവിക്കാനുള്ള സാധ്യത വളരെ അപൂർവ്വമായേ കണ്ടിട്ടുള്ളൂ. അത് അവർക്ക് തൊഴിലാളി വർഗത്തിന് വേണ്ടി വിലപേശുന്നതിന് ഒരുപക്ഷേ, അവരേക്കാൾ മേൽക്കൈ നൽകുന്നുണ്ടായിരിക്കാം. എന്നാൽ ഈ ക്ലാസ് ആണ് അവരെ വിപ്ലവത്തിൽ നിന്ന് പിന്തിരിപ്പിക്കുന്ന ആന്തരിക ഘടകവും. ഈ ട്രേഡ് യൂണിയൻ നേതാക്കളിൽ നിന്നൊക്കെ നിയോഗി തികച്ചും വ്യത്യസ്തനായിരുന്നു. അദ്ദേഹം ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുകയും ആദിവാസിയായ സ്ത്രീയെ വിവാഹം ചെയ്യുകയും ചെയ്തതുകൊണ്ടുമാത്രമല്ല അത്. അദ്ദേഹത്തിന് വ്യത്യസ്ത മേഖലകളിൽ തൊഴിലാളിയായി പ്രവർത്തിച്ചും പരിചയമുണ്ടായിരുന്നു. അതേസമയം തന്നെ മധ്യവർഗ ബുദ്ധിജീവികളോട് സംവദിക്കുന്നതിനുള്ള ബൗധിക നിലവാരവും ഉയർന്ന മധ്യവർഗ എതിരാളികളേക്കാൾ മികച്ച നയതന്ത്രവും വിലപേശൽ ശേഷിയും അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. മരണം വരെ ആദ്ദേഹം വിപ്ലവത്തിന്റെ ആകർഷക സൗന്ദര്യം കാത്തുസൂക്ഷിക്കുകയും പുതിയ രാഷ്ട്രീയത്തിനുവേണ്ടിയുള്ള തേടൽ തുടരുകയും ചെയ്തു.

എൺപതുകളുടെ തുടക്കം. ജനകീയ പ്രക്ഷോഭങ്ങളെക്കുറിച്ചും പ്രക്ഷോഭങ്ങൾക്ക് വേണ്ടിയും സിനിമകൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ഞാൻ ഇറങ്ങിത്തിരിച്ച കാലം. ബ്രിട്ടീഷുകാരോട് എതിരിട്ട പ്രാദേശിക ആദിവാസി നേതാവ് വീർ നാരായൺ സിങ്ങിനെക്കുറിച്ച് സിനിമ ചെയ്യുക എന്ന ആശയവുമായി ഞാൻ നിയോഗിയെ സമീപിച്ചു. വീർനാരായൺ സിങ്ങിനെ നിയോഗി ഒരു പ്രതീകമായി വളർത്തിയെടുക്കുകയും ചത്തീസ്ഗഡിലെ ഒരു മുഖ്യധാരാ ബിംബമായി അദ്ദേഹം മാറുകയും ചെയ്തിരുന്നു. ഓരോ തൊഴിലാളിയും ഒരു രൂപ വീതം സംഭാവന ചെയ്താൽ  സിനിമ ചെയ്യാമെന്ന് ഞാൻ നിയോഗിയോട് പറഞ്ഞു. അദ്ദേഹം വളരെ താൽപര്യപൂർവ്വം മുന്നോട്ടുവന്നു. എന്നാൽ ഇത് യൂണിയനിൽ ചർച്ചയ്ക്ക് വന്നപ്പോൾ, ദൗർഭാഗ്യവശാൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മറ്റ് പല അടിയന്തരമായ കാര്യങ്ങൾക്കായി പണം സ്വരൂപിക്കേണ്ടിയിരുന്നതിനാൽ ആ നിർദ്ദേശം മുന്നോട്ടുപോയില്ല. എന്നാൽ സിനിമ ഉപയോഗിച്ചുകൊണ്ടുള്ള രാഷ്ട്രീയ പ്രവർത്തനം നിയോഗി നേരത്തെ തന്നെ പരീക്ഷിച്ചിരുന്നതാണ്. ഖനികളിൽ വ്യാപകമായ യന്ത്രവൽക്കരണം നിർദ്ദേശിക്കപ്പെട്ടപ്പോൾ ചാർലി ചാപ്ലിന്റെ മോഡേൺ ടൈംസ് പ്രദർശിപ്പിച്ചുകൊണ്ടാണ് നിയോഗി തൊഴിലാളികളിൽ പ്രതിഷേധം കൊളുത്തിയത്. ഒടുവിൽ ഉൽപാദനത്തിൽ കുറവുവരുത്താതെയും ആരെയും തൊഴിൽ രഹിതരാക്കാതെയുമുള്ള ഭാഗികമായ യന്ത്രവൽക്കരണം എന്ന പദ്ധതി നിയോഗി തന്നെ മുന്നോട്ടുവയ്ക്കുകയും അത് നടപ്പാക്കുകയും ചെയ്തു.

ദുർഗ്-ഭിലായ് മേഖലയിലെ ഒരു വീട്ടിൽ ഉറങ്ങിക്കിടക്കുകയായിരുന്ന നിയോഗിയെ 1991 സെപ്തംബർ 28ന് വെടിവെച്ചുകൊല്ലുകയായിരുന്നു. താൻ കൊല്ലപ്പെടുമെന്ന് നിയോഗിക്ക് അറിയാമായിരുന്നു. അത് അദ്ദേഹത്തിന് തടയാനും കഴിയുമായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ രാഷ്ട്രീയാന്വേഷണങ്ങൾ അതിൽ നിന്നും അദ്ദേഹത്തെ തടഞ്ഞു. ആ കൊലപാതകം എന്നെ ആഴത്തിൽ മുറിവേൽപിച്ചുവെങ്കിലും ആ വാർത്ത എന്നെ കരയിച്ചില്ല. കൊല്ലപ്പെടുന്നതിന് ഒരാഴ്ച മുമ്പ് അദ്ദേഹം റെക്കോഡ് ചെയ്ത ഒരു സന്ദേശത്തിന്റെ ശബ്ദരേഖ പിന്നീട് പുറത്തുവന്നു. അതിലെ വാചകങ്ങൾ ഏകദേശം ഇങ്ങനെയായിരുന്നു. 'എന്റെ ഈ രാഷ്ട്രീയ പാത തുടരുകയാണെങ്കിൽ ഞാൻ കൊല്ലപ്പെടുമെന്ന് എനിക്കറിയാം. ഞാൻ വഴിമാറി സഞ്ചരിക്കാൻ തീരുമാനിച്ചാൽ അവർ എന്നെ വെറുതെവിടുമായിരിക്കും. എന്നാൽ ഭയം കൊണ്ട് ഞാനതിന് തുനിഞ്ഞാൽ എനിക്ക് എന്നോടുതന്നെയുള്ള ബഹുമാനം നഷ്ടപ്പെടും. അതുകൊണ്ട്, ഈ സന്ദേശം നിങ്ങളോട് പങ്കുവെയ്ക്കാൻ

ഞാനാഗ്രഹിക്കുന്നു,' അദ്ദേഹം പറഞ്ഞു. 'ഈ ലോകം സുന്ദരമാണ്. തീർച്ചയായും, ഞാൻ ഈ ലോകത്തെ സ്നേഹിക്കുന്നു. പക്ഷേ, എന്റെ ജോലിയും കർത്തവ്യവും എനിക്ക് പരമപ്രധാനമാണ്. ഞാനേറ്റെടുത്തവ നിറവേറ്റാനുള്ള ഉത്തരവാദിത്വം എനിക്കുണ്ട്. ഇവർ എന്നെ കൊല്ലും. പക്ഷേ, എന്നെ കൊന്നുകൊണ്ട് ആർക്കും ഈ പ്രസ്ഥാനത്തെ ഇല്ലാതാക്കാനാവില്ല.'

ഈ സന്ദേശത്തിന്റെ ടേപ്പ് കേട്ടപ്പോൾ, സ്വയം നിയന്ത്രിക്കാനാവാതെ ഞാൻ പൊട്ടിക്കരഞ്ഞുപോയി. എന്റെ രാഷ്ട്രീയത്തിന്റെ പേരിൽ ജീവിക്കണോ മരിക്കണോ എന്ന ചോദ്യം എനിക്കുമുന്നിലാണ് ഉയർന്നതെങ്കിൽ ഞാൻ എന്തുചെയ്യുമായിരുന്നു എന്ന് ഞാൻ ഓർത്തുപോയി. ഈ അവസരത്തിലാണ് ശങ്കർ ഗുഹാ നിയോഗിയെപ്പോലുള്ളവർ എന്നെപ്പോലുള്ളവരെ ചുരുക്കിക്കളയുന്നത്. സഫ്ദർ ഹശ്മി കൊല്ലപ്പെട്ടപ്പോഴാണ് ഞാൻ പിന്നീട് ഇതുപോലെ കരഞ്ഞത്. ഇൻ ദ നെയിം ഓഫ് മെഡിസിൻ എന്ന പേരിൽ ഞങ്ങൾ തയ്യാറാക്കിയ ഡോക്യുമെന്ററിയുടെ ഹിന്ദി പതിപ്പ് തയ്യാറാക്കാൻ വേണ്ടി ഹശ്മിയും സംഘവുമൊത്ത് പ്രവർത്തിക്കുകയായിരുന്നു ഞങ്ങൾ. മരുന്നുവിപണിയിലെ ചൂഷണത്തേയും ഫാർമസ്യൂട്ടിക്കൽ കമ്പനികൾ നടത്തുന്ന കള്ളത്തരങ്ങളെയും പറ്റിയുള്ള ആ ഡോക്യുമെന്ററിയുടെ ഹിന്ദി പതിപ്പ് ഇംഗ്ലീഷിനേതിനേക്കാൾ നന്നായി എന്ന് തോന്നി. കാരണം ഹശ്മിയുടെ ഗംഭീര ശബ്ദവും മികച്ച ഭാഷയും തന്നെ. സെൻഡിറ്റ് സ്റ്റുഡിയോയിൽ അതിന്റെ പണികൾ തീർക്കാൻ അന്ന് വളരെ വൈകി. എല്ലാം കഴിയുമ്പോൾ പുലർച്ചെ നാല് മണി. സ്റ്റുഡിയോയിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ ഹശ്മി എന്നെ അഭിനന്ദിച്ചു. എന്നാൽ ഡോക്യുമെന്ററിയിൽ വ്യവസായവൽക്കരണത്തേയും വികസനത്തേയും കുറിച്ച് എടുത്ത സമീപനത്തെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടെന്നും ഹശ്മി കൂട്ടിച്ചേർത്തു. അതെക്കുറിച്ച് കൂടുതൽ ചർച്ചകൾ പിന്നീടാകാം എന്ന് പറഞ്ഞാണ് ഞങ്ങൾ പിരിഞ്ഞത്. എന്നാൽ പന്ത്രണ്ട് മണിക്കൂറിന് ശേഷം ഹശ്മിയുടെ കൊലപാതക വാർത്തയാണ് എനിക്കുകിട്ടിയത്. നിയോഗിയെപ്പോലെ ഹശ്മിക്കും സ്വയം രക്ഷിക്കാമായിരുന്നു. എന്നാൽ അദ്ദേഹം അതിന് തയ്യാറായില്ല. ഡൽഹി ഗ്രീൻ പാർക്കിലെ ഹശ്മിയുടെ ശവകുടീരത്തിൽ കിടന്ന് ഞാൻ കരഞ്ഞു.

കരച്ചിൽ മണ്ണിനെ തൊടുന്നതിന്റെ കലയാണ്. ഈ മരുന്നിന്റെ ഉപയോഗം എല്ലാ മനുഷ്യർക്കുമായി ഞാൻ നിർദ്ദേശിക്കുകയാണ്. രോഷവും ധാർഷ്ഠ്യവും ആകാശത്തേക്കുയരാനുള്ള വെമ്പലുകളാണ്. എന്നാൽ, പക്ഷികളെപ്പോലെ പറക്കാനാവാത്തതുകൊണ്ട്, മനുഷ്യരുടെ രോഷവും ധാർഷ്ഠ്യവും ആത്യന്തികമായി ഭൂമിയിൽ പതിച്ചേ മതിയാവൂ. കണ്ണീരിനേക്കാൾ അത് നിങ്ങളെ വേദനിപ്പിക്കുകയും ചെയ്യും. എന്റെ ഉള്ളിലെ രോഷ-വൈരാഗ്യങ്ങൾ അടക്കാൻ ഞാനിപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ നിയോഗിയെപ്പോലുള്ളവർക്ക് വേണ്ടി കണ്ണീർ പൊഴിക്കാൻ കഴിഞ്ഞതിൽ ഞാൻ ഭാഗ്യവാനാണ്.

ഖനനത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് നിയോഗിക്ക് ബോധ്യമുണ്ടായിരുന്നു. പക്ഷേ അവിടെ ഒരു കെണിയുണ്ടായിരുന്നു. ജീവൻ നിലനിർത്താനായി തുച്ഛവരുമാനത്തിനായി നടുവൊടിക്കുന്ന ആയിരക്കണക്കിന് കുടിയേറ്റ ആദിവാസികൾ ആ ഖനികളിൽ തൊഴിലെടുത്തിരുന്നു. അവരുടെ ജീവിതം അദ്ദേഹത്തിന് വളരെ പ്രധാനമായിരുന്നു. മാവൂരിൽ ബിർളയുടെ റയോൺസ് ഫാക്ടറിയിലെ തൊഴിലാളികളുടെ നേതാവായിരുന്ന ഗ്രോവാസുവിനേയും കുടുക്കിയത് ഈ കെണി തന്നെയായിരുന്നു.

നിയോഗിയും ഗ്രോവാസുവും ഒരേ രാഷ്ട്രീയ- സിപിഐ എം എൽ- വിശ്വാസങ്ങളിൽ നിന്നാണ് രൂപം കൊണ്ടത്. സ്റ്റാലിൻ ഇരുവരെയും സ്വാധീനിച്ചു. ഈയിടെ അദ്ദേഹം എനിക്കൊരു ആവേശമുണർത്തുന്ന അഭിമുഖം നൽകി. അദ്ദേഹത്തിന്റെ ചുമരിൽ തൂങ്ങുന്ന ചിത്രങ്ങളുടെ പാൻ ഷോട്ട് ക്യാമറയിൽ പകർത്തുകയായിരുന്നു നീതു. മാർക്സ്, ഏംഗൽസ്, സ്റ്റാലിൻ ത്രിത്വത്തിൽ നിന്ന് സ്റ്റാലിനെ ഉപേക്ഷിക്കാൻ ഞാൻ നീതുവിന് നിർദ്ദേശം നൽകി. ഗ്രോ വാസു അത് കേട്ട് അസ്വസ്ഥനായി. എന്തായാലും, സ്റ്റാലിനെക്കുറിച്ചുള്ള ഒരു തർക്കം ഞാൻ ഒഴിവാക്കി.

കെട്ടിച്ചമച്ച ഒരു കേസിന്റെ പേരിൽ അദ്ദേഹം ഏഴരവർഷം ജയിലിൽ കഴിയേണ്ടിവന്നു, സ്വന്തം രാഷ്ട്രീയ ധാരണകൾ കൈവിടാതെ പിടിച്ചതിനായിരുന്നു അദ്ദേഹത്തെ പൊലീസ് വേട്ടയാടിയത്. വാർദ്ധക്യകാലത്തും അദ്ദേഹം തന്റെ സാമൂഹ്യഇടപെടലുകൾ തുടർന്നു. ജീവിതം തള്ളിനീക്കാൻ സ്വന്തമായി കുടയുണ്ടാക്കുകയാണ് അദ്ദേഹം. ജനകീയ പ്രസ്ഥാനങ്ങൾ ക്ഷണിച്ചാൽ അദ്ദേഹം ഇപ്പോഴും പോകും, യാത്രാക്കൂലി സ്വന്തം പോക്കറ്റിൽ നിന്ന് ചെലവാക്കിക്കൊണ്ട്. അങ്ങനെയുള്ള ഒരു മനുഷ്യൻ സ്റ്റാലിനിസ്റ്റായാലെന്ത്? ഒന്നും പ്രവർത്തിക്കാതിരിക്കുന്ന, ഒന്നിലും ഇടപെടാത്ത ട്രോട്സ്കിയിസ്റ്റുകളേക്കാൾ ഭേദമാണല്ലോ ഗ്രോവാസുവിനെപ്പോലുള്ള സ്റ്റാലിനിസ്റ്റുകൾ.

സ്റ്റാലിൻ, ട്രോട്സ്കി, മാവോ, മാർക്സ്, ഏംഗൽസ്, ലെനിൻ, ഗാന്ധി, ബുദ്ധൻ, അംബേദ്കർ, ജീസസ് ക്രൈസ്റ്റ്, മുഹമ്മദ് നബി തുടങ്ങി അനേകം പേർ...അവരുടെ ഇമേജ് എനിക്കിപ്പോഴും അൽഭുതമുണർത്തുന്നതാണ്. അവരുടെ ഉൾക്കാഴ്ചകൾ ഇപ്പോഴുമെന്നിൽ വലിയ ജിജ്ഞാസയുണർത്തുന്നു. ഈ വ്യക്തികൾ എന്നിൽ ഇപ്പോൾ വൈരുദ്ധ്യങ്ങളുണർത്തുന്നില്ല. അവരെക്കുറിച്ച് എനിക്ക് കടുത്ത വിയോജിപ്പുകളുണ്ടാവാം.

എന്നാൽ ആത്യന്തികമായി അതെന്ത് വ്യത്യാസമാണുണ്ടാക്കുക? അവരെല്ലാം മൺമറഞ്ഞു. നമ്മുടെയും മനുഷ്യസമൂഹത്തിന്റെയും സാഹചര്യം മെച്ചപ്പെടുത്തുകയെന്നത് നമ്മുടെ കടമയാണ്. നമ്മുടെ രാഷ്ട്രീയ പ്രാധാന്യം നമ്മൾ ചരിത്രത്തിൽ എങ്ങനെ ഇടപെടുന്നു എന്നതിനനുസരിച്ചാണ്. നമ്മുടെ ആശയങ്ങൾ ജനങ്ങളെ സ്വാധീനിക്കുന്നില്ലെങ്കിൽ അതുകൊണ്ട് എന്തുപ്രയോജനം. മേൽപ്പറഞ്ഞ മഹാൻമാരിലൊരാളെപ്പോലും ചത്തീസ്ഗഡിലെ ആദിവാസികൾ പരിചയമുണ്ടായിരിക്കില്ല, അവരുടെ ആശയങ്ങളെക്കുറിച്ച് അവർ അജ്ഞരായിരിക്കും. പക്ഷെ, നിയോഗി ഇപ്പോഴും അവരെ നയിക്കുന്ന പ്രചോദനമാണ്. കാരണം, അവരുടെ മനസുകളെ തൊടുന്ന ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്.